**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** -1042 10.06.2019-ലെ മറുപടി

**കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുർശ്ശി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ.**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി.** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുർശ്ശി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള കാഞ്ഞിരപ്പുഴ ഡാമിനകത്തെ കിണർ അടച്ചതു മൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. അറ്റകുറ്റപ്പണികളെത്തുടർന്ന് ജലവിതരണത്തിൽ താൽക്കാലികമായ തടസ്സം അനുഭവപ്പെട്ടിരുന്നു. |
| ബി) ദീർഘവീക്ഷണമോ ആവശ്യമായ പഠനമോ നടത്താതെയാണ് ഇത്തരത്തിൽ ഒരു തീരുമാനമെടുത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) അണക്കെട്ടിന്റെ ചോർച്ച പരിഹരിക്കുന്നതിനായി പഠനം നടത്തുകയും (Tomography study) പ്രസ്തുത പഠനത്തിൽ കിണറിന്റെ ഭാഗത്ത് നിന്നുള്ള ചോർച്ചയാണെന്ന് ബോധ്യപ്പെടുകയും, ചെയ്തിരുന്നു. ചോർച്ചക്ക് പരിഹാരം കാണേണ്ടതാണെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുത്തിട്ടുള്ളത്. |
| സി) കിണർ അടക്കുന്നതിന് ഡാം സുരക്ഷ അതോറിറ്റിയോ ജലവിഭവ വകുപ്പോ എന്തെങ്കിലും തരത്തിലുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കിണർ അടച്ചതെന്ന് വ്യക്തമാക്കുമോ; | സി) ഡാമിന്റെ സുരക്ഷ കണക്കിലെടുത്ത് ചോർച്ച പരിഹരിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിക്ക് ഇരുപത്തി അഞ്ചാമത് DRIP സാങ്കേതിക സമിതി 12.10.2017 ൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| ഡി) കിണർ അടച്ചതുമൂലം ഈ പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും തീരുമാനം പുന:പരിശോധിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഡി) ഡാമിന്റെ അറ്റകുറ്റ പണികളെ തുടർന്ന് താൽക്കാലികമായി അനുഭവപ്പെട്ട ജല വിതരണത്തിലെ തടസ്സം മാറി ഇപ്പോൾ ടി പഞ്ചായത്തുകളിൽ സ്ഥിരമായി ജലവിതരണം നടത്തുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ